## പൊതുവിദ്യാഭ്യാസ വകുപ്പിലെ ക്ലാർക്ക്-സൂപ്രണ്ട് തസ്തിക അനുപാതം

**76 (1146)** ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ വകുപ്പിലും ആറ് ക്ലാർക്ക് തസ്തികയ്ക്ക് ഒരു സൂപ്രണ്ട് എന്ന ജി.ഒ. (പി) 515/1985(ധന) നമ്പർ ഉത്തരവ് പ്രകാരമുള്ള നിബന്ധന പൊതുവിദ്യാഭ്യാസ വകുപ്പിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ക്ലാർക്ക്, സൂപ്രണ്ട് തസ്തികകളുടെ എണ്ണവും വിശദാംശങ്ങളും വ്യക്തമാക്കുമോ ;

(സി) ഉത്തരവ് നടപ്പാക്കിയിട്ടില്ലെങ്കിൽ സർക്കാർ നിർദ്ദേശിച്ച അനുപാതത്തിൽ സൂപ്പർവൈസറി തസ്തികകൾ അനുവദിക്കുവാൻ സത്വര നടപടികൾ സ്വീകരിക്കുമോ ?

### ഉത്തരം

(എ) ഇല്ല.

(ബി) വിദ്യാഭ്യാസ വകുപ്പിൽ ഹൈസ്കൂളുകൾ ഉൾപ്പെടെ ആകെ 3508 എൽ.ഡി./യു.ഡി. ക്ലാർക്ക് തസ്തികകളും 274 സൂപ്രണ്ട് തസ്തികകളും നിലവിലുണ്ട്.

(സി) പൊതുവിദ്യാഭ്യാസ വകുപ്പിലെ ഗവൺമെന്റ് ഹൈസ്കൂളിലെ ക്ലാർക്ക് തസ്തിക ഉൾപ്പെടുത്തി അതിന് ആനുപാതികമായ സൂപ്പർവൈസറി തസ്തിക അനുവദിക്കുന്നകാര്യം പരിശോധിക്കാവുന്നതാണ്.

## ഐ.ടി. അറ്റ് സ്കൂൾ പദ്ധതിയിലെ അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ

**77 (1147)** ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ എൽ.പി., യു.പി. സ്കൂളുകളിൽ ഐ.ടി. അറ്റ് സ്കൂൾ പദ്ധതിപ്രകാരം ജോലി നോക്കുന്ന അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ;

(ബി) ഈ സ്കൂളുകളിൽ ജോലി ചെയ്യുന്ന ഐ.ടി. അദ്ധ്യാപകർക്ക് ദിവസവേതനം നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ഡി) ഈ അദ്ധ്യാപകർക്ക് ഓണറേറിയം നൽകുന്നത് പി.ടി.എ. ആണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ നിശ്ചയിക്കുന്നതിന് ഒരു കമ്മീഷനെ നിയമിക്കുന്നകാര്യം പരിഗണിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly